# കേരളിയത യാഥാർത്ഥ്യമോ മിഥ്യയോ

സാക്ഷരതയുടെ കാര്യത്തിൽ ഇന്ത്യയിൽ എന്നല്ല ലോകത്തിൽ തന്നെ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഇന്ന് ആ കൊച്ചു സംസ്ഥാനം അഴിമതിയിൽ മുങ്ങി ക്കുളിച്ചിരിക്കുകയല്ലേ? ഇതിനുകാരണം എന്താണ്?

കേരളീയത എന്ന ഒന്നുണ്ടോ? വിദ്യാഭ്യസരംഗം ഇതിൽ എന്തു പങ്കുവഹിക്കുന്നു. ഇതിനെ ക്കുറിച്ചൊരു സമഗ്രമായി ഒരന്വേഷണം നടത്തുക എന്നത് വിഷമം പിടിച്ച കാര്യമായിരിക്കാം. എന്നാലും സാംസ്കാരിക നായകൻമാർ ഉൾപ്പെടെയുള്ള കേരളത്തിലെ വോട്ടർമാരോട് പ്രതികരിക്കാൻ അപേക്ഷിക്കുന്നു.

○

ബാലചന്ദ്രൻ ചുള്ളിക്കാട്,
മുരളി, എം.എൻ.വിജയൻ,
ദീപ

## ബാലചന്ദ്രൻ ചുള്ളിക്കാട്

കേരളത്തിന് മാത്രമായി നന്നാവൻ കഴിയില്ല. നല്ലതിനെ കുറിച്ചുള്ള കാഴ്ചപ്പാട് വ്യത്യാസപ്പെട്ടിരിക്കുന്നു. ചിലരുടെ മാത്രം നല്ല കേരളവുമുണ്ടാകും രാഷ്ട്രീയ നേതാക്കൾക്ക് ഇതി നല്ല കേരളമാണ് വിദേശത്തുപോയി കഷ്ടപ്പെട്ടു ഉണ്ടാക്കുന്നതിനേക്കാൾ കാശ് ഇവിടെ ഉണ്ടാക്കാം. കൂടാതെ അധികാരവുമുണ്ട്. എന്നാൽ തൊഴിൽ രഹിതരെ സംബന്ധിച്ചിടത്തോളം ചീത്ത കേരളമാണ് പ്രാഥമികാവശ്യമായ കുടിവെള്ള പ്രശ്നത്തിന് ഗവൺമെന്റ് എങ്ങിനെ പ്രാമുഖ്യം നൽകുന്നു. എന്നതിനനുസരിച്ച് അടിസ്ഥാനപരമായി ഒരു ഗവൺമെന്റ് നല്ലതോ ചീത്തയോ എന്ന് തീരുമാനിക്കാം.

അഴിമതിയെപറ്റി പറയുമ്പോൾ, ചില രംഗങ്ങളിൽ അഴിമതി ഇല്ലാതാക്കാൻ കഴിയുമെന്നല്ലാതെ പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയില്ലാ. ഞാനൊരു എൻ.ജി.ഒ ആണ്. എൻ.ജി.ഒ യൂണിയനിൽ പ്രവർത്തിക്കുന്നവർ കൈക്കൂലി വാങ്ങുന്നത് നിർത്തണമെന്ന നിർബന്ധം വന്നാൽ അതിൽ പ്രവർത്തിക്കുന്ന വലിയൊരു വിഭാഗം രാജിവെച്ച് വേറൊരു യൂണിയനിൽ ചേരുമെന്നല്ലാതെ അഴിമതി ഇല്ലാതാകുന്നില്ല. ഇതിനുത്തരവാദികൾ രാഷ്ട്രീയക്കാരാണ്. ഭരണാധികാരികളെ തിരഞ്ഞെടുക്കുക എന്നതിലുപരി ജനങ്ങൾക്കൊന്നും ചെയ്യാനില്ല. അയ്യപ്പപ്പണിക്കർ എഴുതിയതുപോലെ

'തൻ ഇടം കാലിലെ ചെളി വലം കാലുകൊണ്ട് തുടച്ച് പിന്നെ വലംകാലിലെ ചെളി ഇടംകാലുകൊണ്ടു തുടച്ച്....' അങ്ങനെ മന്ത് രണ്ട് കാലിലേക്കും മാറ്റിവെയ്ക്കുക എന്ന രണ്ടു ചോയ്സു മാത്രമേയുള്ളൂ. ഈ രണ്ടിനും പുറത്ത് മൂന്നാമതൊരു ശക്തി ഉയർന്നുവരണം. പക്ഷെ അതൊരിക്കലും സംഭവിക്കുകയില്ല. ശരാശരി മലയാളി തരംകിട്ടിയാൽ കക്കും. ഇടത്തരക്കാർ ഇപ്പോഴും മുതലാളിമാർ ആകാൻ ആഗ്രഹിക്കുന്ന കള്ളന്മാരാണ്. അങ്ങിനെയുള്ള ഒരു വിചിത്രജനതയുടെ സമാകൃത പ്രതിഫലനമാണ് ഗവൺമെന്റ്.

ഗവൺമെന്റുകളിൽ എന്തെങ്കിലും മാറ്റം വരണമെങ്കിൽ ജനസ്വഭാവം മാറണം. അത്തരം ഒരു മാറ്റം പ്രതീക്ഷിക്കാവുന്നതല്ല. മിക്കവാറും മലയാളികളുടെ ആഗ്രഹം അവസരം കിട്ടിയാൽ കേരളം വിട്ടുപോകാനാണ്. പരമാവധി പണം ആഡംബരം ഇവയല്ലാതെ മറ്റൊരു മൂല്യങ്ങളും അല്ലാതായിരിക്കുന്നു. അവന്റെ ജീവിതലക്ഷ്യം ഇതിന്റെ പ്രതിഫലനമാണആ ഉപഭോഗസംസ്കാരം. ഈ മനോഭാവത്തിന് ഒരു മാറ്റം എന്നുവരുമെന്ന് പറയാനാവില്ല. തങ്ങളുടെ ലാഭമെന്നല്ലാതെ ഒരു വ്യക്തിയും ചിന്തിക്കാറില്ല പക്ഷേ ഇത് സ്വന്തമായ ചിന്തയല്ല. ഇവരെ നിയന്ത്രിക്കുന്ന നേതൃത്വത്തിന്റെ ചിന്തയ്ക്ക് അപ്പുറം പോകാൻ മലയാളികൾ തയ്യാറല്ല.



ഞാനൊരു നക്സലേറ്റായിരുന്നു. ആ പ്രസ്ഥാനം ഇത്രയും കാലം ഉന്നയിച്ച മുദ്രാവാക്യമാണ് തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കണം എന്നത്. അതിന് ജനങ്ങൾ പുല്ലുവില പോലും നൽകിയില്ല. മനുഷ്യൻ രണ്ടു തരത്തിൽ പഠിക്കണം. കണ്ടും, കൊണ്ടും. രണ്ടായാലും പഠിക്കാത്ത നക്സലേറ്റുകൾ ജനങ്ങളെ പഠിപ്പിക്കുന്നു. ജനങ്ങളിൽ നിന്നൊന്നും പഠിക്കുന്നുമില്ല.

മറ്റൊരു പ്രശ്നം വിദ്യാഭ്യാസമാണ് വിദ്യാഭ്യാസം കൂടുമ്പോൾ ആളുകൾ കൂടുതൽ ഹിപ്പോക്രാറ്റുകളും കള്ളന്മാരുമാകുന്നു. ഇവിടുത്തെ വിദ്യാഭ്യാസം ഇത്തരത്തിൽ അധഃപതിച്ചതിനും കച്ചവടമായതിനും കഴിഞ്ഞ അൻപതുകൊല്ലമായി ഇവിടം ഭരിച്ച എല്ലാ ഗവൺമെന്റുകൾക്കും തുല്യ ഉത്തരവാദിത്തമുണ്ട്. ആരു ഭരിക്കുമ്പോഴും വിദ്യാഭ്യാസ വകുപ്പ് വളരെ സ്ഥാപിത താല്പര്യക്കാരായ ആളുകൾക്ക് ഏല്പിച്ചു കൊടുക്കുന്നു. അവർ അവരുടെ താല്പര്യങ്ങൾക്കും മുൻതൂക്കം കൊടുക്കുന്നു. ഇതാണൊരുവശത്ത്. മറുവശത്താകട്ടെ ഈ പാർട്ടികളെ നിലനിർത്തുന്ന വിഭാഗങ്ങളിൽപ്പെട്ട സാമ്പത്തിക ശക്തികളുടെ മുഴുവൻ സ്വാധീനവും ഉണ്ടായിരിക്കും. ക്രിസ്ത്യൻ മിഷണറീസാണ് ജാതിഭേദമന്യേ എല്ലാ വിദ്യാർത്ഥികളേയും ക്ലാസ്സിൽകയറ്റി പഠിപ്പിച്ചു തുടങ്ങിയത്. വിദ്യാഭ്യാസം സാർവ്വത്രികമാകമാവുന്നതോടൊപ്പം അതൊരു കച്ചവടമാവുകയും അയോഗ്യരായ അദ്ധ്യാപകർ കയറിക്കൂടുകയും ചെയ്തു. വിമോചന സമരം നടക്കാതിരുന്നെങ്കിൽ വിദ്യാഭ്യാസരംഗത്ത് ഇത്തരത്തിൽ അഴിമതികൾ ഉണ്ടാകില്ലായിരുന്നു. പക്ഷെ ഇന്ന്

പ്രതികരണശേഷിയുള്ള വിദ്യാർത്ഥിപ്രസ്ഥാനമല്ല. പണ്ട് ജയപ്രകാശ്നാരായണന്റെ നേതൃത്വത്തിൽ ബീഹാറിൽ വിദ്യാർത്ഥി പ്രസ്ഥാനം വന്നതുപോലെ ഒരു മൂവ്മെന്റിന് നേതൃത്വം നൽകാൻ ഇന്നിവിടെ ആരും ജീവിച്ചിരിക്കുന്നില്ല.

എല്ലാവരും 'ഇന്നിന്നു'വേണ്ടി ജീവിക്കുന്നു.

നാളേക്കു വേണ്ടി ജീവിക്കുന്ന ജനറേഷനുശേഷം വരുന്ന ജനറേഷൻ ഇതാണ്. ഇനിയും മാറ്റങ്ങളങ്ങൾ വന്നേക്കാം. ഒരു കാലഘട്ടത്തിൽ നിന്നും മറ്റൊരു കാലഘട്ടത്തിലേയ്ക്കുവരുമ്പോൾ മാറ്റം അനിവാര്യമാണ്. ഓരോ നൂറ്റാണ്ടിലും ഭാഷകൾ മാറിവരുന്നു. ഓരോ പ്രദേശത്തേയും ഭാഷകൾക്ക് വ്യത്യാസമുണ്ട്. ഇതുതന്നെയാണ് കേരളത്തിലെ മൊത്തം സ്ഥിതി. ഇതിൽ കേരളത്തനിമയായി അവകാശപ്പെടാനൊന്നുമില്ല. വസ്ത്രധാരണരീതിയെക്കുറിച്ചുപറയുമ്പോൾ ഏതു സമുദായത്തിന്റെ രീതിയാണ് കേരളത്തനിമയായി സ്വീകരിക്കുക. അറുപതുകൊല്ലമായിട്ടേയുള്ളു കൃഷി ആരംഭിച്ച കേരളത്തിൽ ഭക്ഷണകാര്യത്തിൽ ഒരു തനിമ അവകാശപ്പെടാൻ എങ്ങനെ കഴിയും? വിഷയദാരിദ്ര്യം വന്നപ്പോൾ ചിലർ ഉണ്ടാക്കിയതാണ് കേരളീയത. അതായത് സായുധവിപ്ലവം പോലുള്ള ആശയങ്ങൾ Out of fashion ആയപ്പോൾ വന്നതാണിത്.

ഇങ്ങനെ വ്യത്യസ്ഥമായ ജീവിതഘടകങ്ങളെ ബുദ്ധിപരമായി ഒരു ഘടനയ്ക്ക് അകത്തേയ്ക്ക് റഡ്യൂസ് ചെയ്യാനാണ് പ്രത്യയശാസ്ത്രം ശ്രമിക്കുന്നത്. സാഹിത്യത്തിന്റെ കാര്യത്തിൽ എടുത്തുനോക്കിയാൽ ഇത് കൂടുതൽ വ്യക്തമാകും. നെരൂദയും കെ.പി.ജിയും കമ്മ്യൂണിസ്റ്റുകാരാണ്. ഒട്ടും കവിത്വമില്ലാത്ത കെ.പി.ജി പ്രത്യയശാസ്ത്രത്തെ ന്യായീകരിക്കാനായി കവിതകളെഴുതുന്നു. എന്നാൽ നെരൂദയെ ലോകത്തിലെ മഹാനായ കവിയായി അംഗീകരിക്കുന്നു. പക്ഷെ ഒന്നു ഞാൻ പറയാം പ്രത്യയശാസ്ത്രമല്ല കലയിലെ മാനദണ്ഡം. പ്രത്യയശാസ്ത്രം നഷ്ടപ്പെട്ടാലും കലാസൃഷ്ടി പിന്നെയും നിലനിൽക്കും.

മാറുന്ന കാലഘട്ടത്തിനൊത്ത് മാറാൻ കഴിയാത്തവരിൽ കാണുന്ന മറ്റൊരു സ്വഭാവമാണ് ഗൃഹാതുരത്വം. പിതിയ തലമുറയുടെ കഥകളിൽ ഗൃഹാതുരത്വം ഉണ്ടാവുകയില്ല കാരണം അത് അവർക്കറിയില്ല.. പകരം അവർക്ക് ജീവിതത്തിലെ ഒരു പാട് പ്രശ്നങ്ങളാണുള്ളത്. മനുഷ്യബന്ധങ്ങൾ കുടുംബബന്ധങ്ങൾ ഇവയൊക്കെയാണവന്റെ പ്രശ്നം. ഒരു സ്ത്രീയുമായി അൻപതുകൊല്ലം ജീവിക്കുന്നത് എന്തിനാണ് വേറെ ചോയ്സില്ലെ എന്നവനു തോന്നാൻ. അപ്പോഴാണ് മനുഷ്യൻ കൗൺസിലിങ്ങ് സെന്ററിൽ പോകുന്നത്. പക്ഷെ സത്യത്തിൽ വ്യക്തിത്വമുള്ളവരെ ഒന്നും ചെയ്യാൻ കൗൺസിലിങ്ങ് സെന്ററിന് സാധിക്കുന്നില്ല. എന്നാലും അവനവന്റെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കാനാവാതെ വരുമ്പോൾ കൗൺസിലിംഗ് സെന്റർ മാത്രമാണ് ആശ്രയം. മാറിവന്ന ജീവിതരീതിയാണ് ഇതിനുകാരണം. ഉപഭോഗസംസ്കാരവും മനുഷ്യബന്ധങ്ങളും സ്വാർത്ഥ ചിന്തയും പെട്ടെന്ന് മാറ്റിമറിക്കാനാവാത്തതുകൊണ്ട് കൗൺസിലിംഗ് സെന്ററുകൾ ആവശ്യം തന്നെ. എന്നിരിക്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം കേരളം എന്ന സങ്കല്പം ബുദ്ധിമുട്ടാണ്. ●

---

## മുരളി

കേരളത്തെ നന്നാക്കാൻ രാഷ്ട്രീയക്കാർ വിചാരിച്ചാൽ സാധിക്കും. എന്നാൽ അഴിമതിയെ നിയന്ത്രിക്കാൻ മുൻകൈയെടുക്കേണ്ട രാഷ്ട്രീയക്കാർ അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ്. ജനങ്ങളുടെ പണമെടുത്ത് മാളിക പണിത് ആർഭാടമായി ജീവിക്കാനല്ല അവരെ മുകളിലേക്ക് വിട്ടത്. പൊതു പ്രവർത്തനങ്ങൾക്ക് വേണ്ട എളിമ ,കാർക്കശ്യം തുടങ്ങിയ ഗുണങ്ങൾ ഇന്നില്ല. എങ്കിലും ഒരു നല്ല കേരളം ഉണ്ടാക്കാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

അഴിമതി നിർമ്മാർജ്ജനവും വർഗ്ഗീയത ഇല്ലാതാക്കലുമാണ് നല്ല കേരളമുണ്ടാവാൻ പ്രാഥമികമായി ചെയ്യേണ്ടത്. കൈക്കൂലി ഇന്ന് എല്ലാ രംഗങ്ങളിലും വ്യാപകമായിരിക്കുന്നു. കൈക്കൂലി വാങ്ങുന്ന NGOകൾ ഉണ്ട്. അവരെ വിളിച്ച് അവരുടെ യൂണിയൻ ഈ പണി നിർത്തണമെന്ന് പറയണം.അങ്ങനെ പറയുമ്പോൾ യൂണിയനിൽ നിന്ന് ഇറങ്ങി പ്പോകുന്നവരുണ്ടെങ്കിൽ പോകട്ടെ. ഇതുപോലെ തന്നെ മറ്റു യൂണിയനുകളും ചെയ്യണം. Upper level ൽ എത്താൻ കൈക്കൂലിയല്ല വാങ്ങേണ്ടത്. കൂലിക്കാരനാണെങ്കിൽ എന്തുചെയ്യും? ഒന്നുകിൽ അയാൾ കൂടുതൽ അധ്വാനിക്കണം. അല്ലെങ്കിൽ കള്ളവാറ്റിനോ കള്ളക്കടത്തിനോ പോകണം. പക്ഷേ പ്രശ്നം ഇതൊന്നുമല്ല. സംഘടനയിൽ നിന്നു കൊണ്ട് സ്വന്തം താൽപര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയും എന്തു കുഴപ്പം ചെയ്താലും സംഘടന സംരക്ഷിക്കുമെന്ന ധാരണ കുട്ടിനേതാക്കന്മാർക്ക് വന്നിരിക്കുന്നു.

ഈ വികലമായ രാഷ്ട്രീയ ബോധം കാരണം സാംസ്ക്കാരികമായ പുരോഗതി മുരടിച്ചതായി നമുക്കു കാണാം. അതിനു പ്രധാന കാരണം വിദ്യാഭ്യാസ വകുപ്പിനെ ആരും നന്നായി ഭരിച്ചില്ല എന്നതാണ് അനദ്ധ്യാപകരും അദ്ധ്യാപകരും വിദ്യാർത്ഥികളും പൂർണ്ണമായും രാഷ്ട്രീയവൽക്കരണത്തിനു വിധേയരായിട്ടുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വരണ്ട Trade Unionism ത്തിലാണ് നമ്മളിന്ന്. സർവ്വകലാശാല യൂണിയൻ കോളേജ് യൂണിയൻ. ഡിപ്പാർട്ടുമെന്റിനു കീഴിലുള്ള അസോസിയേഷൻ ഇവ




യുടെ ഉദ്ഘാടനങ്ങൾ കഴിഞ്ഞതിനു ശേഷം അടുത്ത തിരഞ്ഞെടുപ്പിന് വിദ്യാർത്ഥികളുടെ മുമ്പിലെടുത്തു കാണിക്കാൻ നാമമാത്രമായ പരിപാടികളാണ് ആവിഷ്ക്കരിക്കാറ്. അതിനു കാരണം സംഘാടകരുടെ താല്പര്യക്കുറവാണ്.

കുറച്ചു വിശദമായി പറഞ്ഞാൽ വളരെ ബഹളമായി യൂണിയൻ ഉദ്ഘാടനം നടത്താതെ കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരെ കൊണ്ടുവന്ന് അവരുമായി ഒരു നല്ലബന്ധം സ്ഥാപിച്ചെടുക്കണം ഓരോ collegeലും ഒരു ടി.വി.യും V.C.Pയും ഉണ്ടായിരിക്കണം ഇതുപയോഗപ്പെടുത്തി കഥകളി മുതലായവയെ കാസറ്റിൽ പകർത്തി വിദ്യാർത്ഥികൾക്കുവേണ്ടി പ്രദർശിപ്പിക്കുക. അങ്ങനെയാകുമ്പോൾ വിദ്യാർത്ഥികൾക്ക് അതിനെപ്പറ്റിബോധം ലഭിക്കും.

കോളേജിലെയും മറ്റും സമരത്തിന്റെ ദൂഷ്യഫലം മിക്കവാറും അനുഭവിക്കുന്നത് സാമ്പത്തികമായി താഴ്ന്ന നിലയിലുള്ള വിദ്യാർത്ഥികളാണ്. അതായത് സാധുക്കളെ പിടിച്ച് അമ്മാനമാടുന്നൊരു വിദ്യാഭ്യാസ രീതിയാണിന്നുള്ളത്. ഇന്ന് ജനകീയാസൂത്രണത്തെക്കുറിച്ചാണെല്ലാവർക്കും സംസാരിക്കാനുള്ളത്. വിദ്യാഭ്യാസത്തെക്കുറിച്ചവർ എന്തുകൊണ്ടു പറയുന്നില്ല? ഇ.എം.എസ്. പറയുന്നത് ത്രിഭാഷ പദ്ധതി നടപ്പിലാക്കണമെന്നാണ്. എന്റെ വ്യക്തിപരമായ അഭിപ്രായം സംസ്കൃതവും കൂടി ചേർത്ത് പുതു ഭാഷാ പഠനം നടപ്പിലാക്കണമെന്നാണ്. അതു കഴിഞ്ഞിട്ടു മതി സോഷ്യോളജിയും മറ്റു പൗരാവകാശവോധവും പഠിപ്പിക്കൽ.

ആദ്യമായി ചെയ്യേണ്ടത് മാതൃഭാഷനിലനിർത്താൻ ശ്രമിക്കണമെന്നുള്ളതാണ്. ബസ്സിനു കല്ലെറിയുകയും പാവങ്ങളുടെ തല എറിഞ്ഞുടക്കുകയും ചെയ്യുന്നതിനു പകരം മലയാളം പറയാൻ പാടില്ലെന്ന് അനുശാസിക്കുന്ന സ്ഥാപനങ്ങൾ തച്ചുടയ്ക്കുകയാണ് വേണ്ടത്. ഭാഷ എന്നുള്ളത് കേരളീയതയുടെ ഒരുഘടകമാണ്. എന്നാൽ മറ്റൊരു സങ്കീർണ്ണമായ പ്രശ്നമാണ് കേരളീയത. ഇത് പ്രത്യയശാസ്ത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നു. സത്യത്തിൽ കേരളമെന്ന സംജ്ഞ വളരെ പണ്ടേയുണ്ട്. കേരളോൽപ്പത്തി, കേരള മാഹാത്മ്യം തുടങ്ങിയ പുസ്തകങ്ങൾ കണ്ടാൽ ഇത് മനസ്സിലാക്കാം. ബാലചന്ദ്രൻ ചുള്ളിക്കാട് പറയുന്നതുപോലെ വിഷയ ദാരിദ്ര്യം വന്നപ്പോഴുണ്ടാക്കിയതല്ല കേരളീയത. ബ്രിട്ടീഷ് മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവ ഉണ്ടാകുന്നതിന് മുൻപ് കേരളമെന്നൊരു സങ്കല്പം നിലനിൽക്കുന്നു. അല്ലെങ്കിൽ ഗോകർണ്ണം മുതൽ കന്യാകുമാരി വരെയുള്ള ആൾക്കൂട്ടം ഒന്നാണെന്ന് പരശുരാമ ഐതിഹ്യം പറയില്ലായിരുന്നു.

മലയാളികൾക്കിടയിൽ പൊതുവായെന്തൊക്കെയുണ്ടോ അതിനെ കേരളീയത എന്നു പറയാം. അതിൽ കല, രാഷ്ട്രീയം സാമൂഹിക ജീവിതം ആചാരങ്ങൾ ഇവയെല്ലാം ഉൾപ്പെടുന്നു. ഈ കേരളീയത നിലനിർത്തുന്നതിന് ആളുകൾ കോണക മുടുത്ത് മാറുമറയ്ക്കാതെ നടക്കണമെന്നല്ല ഉദ്ദേശിക്കുന്നത്. മറ്റു രാജ്യങ്ങളിലുണ്ടായ പുരോഗതിയുടെ നല്ല വശങ്ങൾ നമ്മൾ ഉൾക്കൊള്ളണം. പക്ഷെ ഇന്നു നടക്കുന്നത് മറ്റൊന്നാണ്. സായിപ്പ് എന്തുചെയ്താലും അതിവിടെ കൊണ്ടുവരുന്നു. അതിന്റെ ഫലമാണല്ലോ അടുത്തിടെ പ്രചാരത്തിൽ വന്ന Councilling Centreകൾ ഈ വിജയം സായിപ്പിന്റെ ജന്മ നക്ഷത്രത്തിന്റെ ഗുണമാണ്. മനുഷ്യബന്ധങ്ങൾ നഷ്ടപ്പെട്ടതാണ് Councilling Centreകളുടെ ആവിർഭാവത്തിന്റെ പ്രധാന കാരണം. കച്ചവടമനസ്സുള്ള മനുഷ്യർ പരസ്പരം ആത്മാർത്ഥമായി സംസാരിക്കുന്നില്ലെന്നുള്ളതാണ് സത്യം. അതിനു പകരം Councilling നിരിക്കുന്ന ഒരുത്തനോട് ഉള്ളുതുറന്നു സംസാരിച്ചാൽ അവന്റെ പ്രശ്നം തീരുമെന്ന് തോന്നുന്നില്ല. ഇതൊക്കെയാണെങ്കിലും നല്ല കേരളമെന്ന സങ്കല്പം പ്രാവർത്തികമാക്കാവുന്നതാണ്.

## എം.എൻ.വിജയൻ



കേരളം നല്ലതും ചീത്തയുമൊന്നുമായിട്ടില്ല. അന്നും ഇന്നും ഒരുപോലെയാണ്. പക്ഷെ പണ്ടില്ലാത്ത വിധം ജാതി മതങ്ങൾ ഇന്നത്തെ രാഷ്ട്രീയത്തിൽ കൈകടത്താൻ ധൈര്യപ്പെടുന്നു. അതുകൊണ്ട് തന്നെ ഇന്നത്തെ രാഷ്ട്രീയ ധ്രുവീകരണത്തിൽ ജാതി–മതങ്ങളാണ് പലപ്പോഴും കാരണമായിത്തീരുന്നത്. ഇത്തരമൊരവസ്ഥയിൽ കേരളത്തിൽ ഇന്നു നിലനിൽകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ തന്നെ കഴിയില്ല.

ഇന്നത്തെ വിദ്യാഭ്യാസം കച്ചവടവത്കരിക്കപ്പെട്ടിരിക്കുന്നു. ഇതിന് പ്രധാന കാരണം മാതാപിതാക്കളാണ്. കുട്ടി ജനിച്ച് മൂന്നോ, നാലോ വയസ്സാകുമ്പോഴേക്ക് കുട്ടിയെ എൻജിനീയറിംഗിനോ, മെഡിസിനോ അല്ലെങ്കിൽ അതുപോലെയുള്ള കോഴ്സുകൾക്കോ വിടാനുള്ള ശ്രമമാരംഭിക്കുന്നു. ഇത്തരത്തിലുള്ള പഠനങ്ങൾക്കുശേഷം മകനെ വിദേശത്തേക്ക് കയറ്റി അയച്ച് വില്പനച്ചരക്കാക്കാനാണ് ഇവർ ശ്രമിക്കുന്നത്. മാതാപിതാക്കൾ വൃദ്ധരായിപ്പോകുമ്പോൾ മക്കൾ നോക്കും എന്ന പ്രതീക്ഷയിലാണ് ഇതെല്ലാം ചെയ്തുകൂട്ടുന്നത്. പക്ഷെ ഇത് സ്വാർത്ഥ ചിന്തയാണ് വൃദ്ധരായിക്കഴിഞ്ഞാൽ വൃദ്ധ സദനത്തിൽ പോയിരുന്നു കൂടെ. ഞാനിത് പലയിടത്തും പ്രസംഗിക്കുമ്പോൾ വൃദ്ധന്മാർക്ക് പിടിക്കാറില്ല. അവർ അശക്തരാണെന്നകാര്യം മറച്ചുവെയ്ക്കാനാണ് അവർ ശ്രമിക്കാറ്. ഇതുകൊണ്ടാണല്ലോ നൊസ്റ്റാൾജിയ തന്നെ രൂപമെടുക്കുന്നത്. വൃദ്ധരാകുമ്പോഴാണ് ബാല്യകാലത്തെക്കുറിച്ചെഴുതാനുള്ള ആഗ്രഹമുണ്ടാകുന്നത്. മനുഷ്യബന്ധങ്ങൾ തകർന്നു എന്ന് ചിലർ പറയുന്നെങ്കിൽ അതിനുകാരണവും ഇതുതന്നെയാണ്. ഏതാണ്ട് 90 വയസായ അച്ഛൻ തന്റെ 60 വയസ്സായ മകൻ പരിപാലിക്കുക മാത്രമാണ് ചെയ്യേണ്ടതെന്ന ശാഠ്യം പിടിക്കുമ്പോൾ ആ മകന് ജീവിക്കാനുള്ള അവസരം നഷ്ടപ്പെടുന്നു. അയാൾ അച്ഛനിൽനിന്ന് അകന്നു ജീവിക്കാനാഗ്രഹിക്കുകയും ചെയ്യുന്നു. പക്ഷേ ഓർക്കണം ഗൾഫിൽ നിന്ന് മകനയച്ചുതരുന്ന പണം കൊണ്ട് സുഖിച്ചുനടന്നിട്ടാണ് മകൻ തന്നെ പരിപാലിക്കുന്നില്ലെന്ന് പറയുന്നത്.

ഗവൺമെന്റുകളിൽ അഴിമതിയില്ലെന്നു പറയാനാവില്ല. പക്ഷെ ചുള്ളിക്കാട് പറഞ്ഞതിനോട് എനിക്ക് യോജിക്കാൻ കഴിയില്ല. ജനങ്ങൾ അടിമുടി Corrept ആണ് എന്ന വാദം ന്യായീകരിക്കത്തക്കതല്ല. അഴിമതികൾക്കെതിരെ നക്സലൈറ്റുകൾ പ്രവർത്തിച്ചു എന്നു പറയുന്നത് എത്രത്തോളം ശരിയാണെന്ന് ചിന്തിക്കേണ്ടതുണ്ട്. നക്സിലിസം എന്ന പ്രസ്ഥാനം ഇവിടെ ഉണ്ടായിരുന്നോ? അത് ആന്ധ്രയിലും, ബീഹാറിലും ഉള്ള വലിയ പ്രസ്ഥാനമാണ്. അഴിമതി ഇല്ലാതാക്കണമെങ്കിൽ ഒരു കൂട്ടായ്മ ആവശ്യമാണ്. അഴിമതിയുടെ പിന്നിൽ പ്രവർത്തിക്കുന്ന കാരണം നമ്മുടെ ഉപഭോഗ സംസ്കാരത്തിന്റെ കടന്നുകയറ്റമാണ്.

ഇന്ന് എല്ലാ സ്ഥാപനങ്ങളും വ്യവസായ വൽക്കരിച്ചു. ഇത് ചൂഷണത്തിന്റെ മാർഗ്ഗമാണ്. സൗന്ദര്യ വർദ്ധനത്തിനായി ഒരാഴ്ച ഉപയോഗിക്കുന്ന ലോഷ്യന്റെ കുപ്പിയ്ക്ക് 90 ഉറുപ്പികയാണ് വില ഇത്. ഈ 90 രൂപ ഒരു കൂലിപ്പണിക്കാരനോ അതോ അതുപോലുള്ളവർക്കോ ഒരു മാസത്തെ റേഷനരി വാങ്ങാനുള്ള പൈസയുണ്ട്. പക്ഷെ ആ പൈസയ്ക്ക് ലോഷ്യൻ വാങ്ങാൻ അവര് നിർബന്ധിതരാകുന്നു. ഇത് ശരിയായ രീതിയല്ല. അതുകൊണ്ട് ഈ സൗന്ദര്യ വീക്ഷണം ചൂഷണ രീതിയിലാകരുത്. പകരം ജനാധിപത്യ രീതിയിലായിരിക്കണം. ഒരു സോപ്പ് നല്ലതാണ് എന്ന് കാണിക്കാൻ വേണ്ടി കോടികൾ മുടക്കുന്നുണ്ട്. (എല്ലാം സോപ്പും ഒന്നു തന്നെ). എന്നിട്ട് ഇത് തിരിച്ചു പിടിക്കുന്നത് ജനങ്ങളുടെ കൈയിൽ നിന്നും. പട്ടിണി കിടക്കുന്ന പാവങ്ങളാണ് ഇതിന്റെയൊക്കെ പിടിയിൽ പെടുന്നത്. ഇന്ത്യയിലെ ഒരു വോട്ടറാണ് ഇവരും. ഇത്തരം സൗന്ദര്യ സങ്കല്പം ശരിയല്ല. അല്ലാതെ പൊട്ടു തൊടുന്നതിലോ, മുടി ചീകുന്നതിലോ വസ്ത്രം ധരിക്കുന്നതിലോ ഒന്നും തെറ്റൊന്നുമില്ല.

പിന്നെ, ചിലരു പറയും സുന്ദരിയായിരിക്കണം ഇല്ലെങ്കിൽ വിവാഹം കഴിക്കില്ല എന്ന്. അതിന്റെ അർത്ഥം സ്ത്രീയേ ചൂഷണം ചെയ്യുന്നു എന്നാണ്. ഇങ്ങനെ പറയുന്ന ഓരോ മനുഷ്യനും സ്വന്തം അമ്മയേ കുറിച്ച് ഇങ്ങനെയൊന്നും ചിന്തിക്കുന്നില്ല. അതുകൊണ്ട് തന്നെ ഞാൻ പറയുന്നു ആരും ആരേയും ഉപയോഗിക്കരുത്.

ഇന്ന് ആളുകൾ കൂട്ടമാകാനാഗ്രഹിക്കുന്നു. വർക്കിയുടെ പുതിയ നോവലുകളിലൊക്കെ അതു ദർശിക്കാൻ കഴിയും. കുടുംബം, അമ്മാവൻ, അമ്മായി തുടങ്ങിയ സങ്കല്പങ്ങളും പുതിയ ട്രെന്റ് ആണ്. ഇതൊക്കെ മനുഷ്യബന്ധങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നതിന്റെ സൂചനയാണ്. ആ പേടിയിൽ നിന്നാണ് ഇത്തരം കൂട്ടായ്മകൾ രൂപമെടുക്കുന്നത്. നഷ്ടപ്പെടുന്നതിനെ കൂട്ടിപ്പിടിക്കുകയാണല്ലോ ആവശ്യം. അതുകൊണ്ടായിരിക്കാം സാഹിത്യത്തിൽ ഗൃഹാതുരത്വം കയറികൂടിയത്. നഗര വത്കരണം അതിനൊരു ദാഹരണമാണ്. നമ്മളൊരു നഗരത്തിന്റെ നടുക്ക് ചെന്നുപെട്ടാൽ ഒരു ഗുണമുണ്ട്. നമ്മളെ ആരും തിരിച്ചറിയില്ല. അതുകൊണ്ട് തന്നെ നമുക്കെന്ത് വൃത്തികേടും കാണിക്കാം. അറിയുന്നവരാരുമില്ലല്ലോ? പക്ഷെ ഒരു ദോഷമുണ്ട്. ഒരപകടം പറ്റി വഴിയിൽ കിടന്നാൽ തിരിഞ്ഞുനോക്കാനാരുമുണ്ടാകില്ല. അത്തരത്തിലുള്ള ഒരു നഗരത്തെ വെറുക്കുകയും ഇഷ്ടപ്പെടുകയും ചെയ്യും. വെറുക്കുമ്പോഴാണ്. നാം ഗ്രാമത്തെക്കുറിച്ച് ചിന്തിക്കുന്നത്. എല്ലാ നൊസ്റ്റാൾജിയ കൃതികളും നഗരങ്ങളിൽ നിന്നെഴുതപ്പെട്ടതാണ്. ഇന്ന് മലയാളത്തിനു വേണ്ടി, കേരളത്തിനു വേണ്ടി എന്തു ത്യാഗവും സഹിക്കാൻ കഴിയുന്നവർ ഗൾഫിലേയുള്ളു. ഇതെല്ലാം കേരളം നമുക്ക് നഷ്ടപ്പെടുന്നു എന്നതിന്റെ തെളിവാണ്.

ബാല്യം കഴിയുമ്പോഴാണ് നാം ബാല്യത്തെക്കുറിച്ചോർക്കുന്നത്. പിന്നീട് നമ്മൾ കാണുന്നത് ഒരു വ്യത്യസ്തവെളിച്ചത്തിലാണ്, ബാല്യകാലം അതിന്റെ ഓർമ്മകളെ പുറത്തുകൊണ്ടുവരുമ്പോൾ നിറം പിടിപ്പിച്ചവയാകുന്നു. ഇങ്ങനെ നമ്മളൊക്കെ ജീവിച്ച പരിസരത്തിന്റെ, ബാല്യകാലത്തിന്റെ, ദൂരെനിന്നുള്ള വീക്ഷണത്തിന്റെ ആകെത്തുക. അതുകൊണ്ടാണ് കേരളീയതയെക്കുറിച്ചുള്ള വ്യക്തമായ ഒരഭിപ്രായം മറുനാടൻ മലയാളികൾക്കിടിയിൽ അനുഭവപ്പെടുന്നത്. ആഗോള വൽക്കരണത്തിന്റെ പ്രതികരണം എന്ന നിലയിൽ ഏതു പ്രവർത്തനത്തിനും പ്രതിപ്രവർത്തനം ഉണ്ട്. ലോകം മുഴുവൻ ഒന്നായിത്തീരുന്ന ശാസ്ത്രീയ വശത്തിൽ മനുഷ്യൻ വളരെ നിസ്സഹായനായിത്തീരുന്ന ഒരവസ്ഥയിൽ മനുഷ്യൻ ചെറിയ ഗ്രൂപ്പുകളിലേക്ക് വ്യക്തിത്വത്തെ ഒതുക്കുന്നു. അതുപോലെ ലോകമുതലാളിത്തത്തിൽ വ്യക്തി സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. എന്നാൽ centralisation ന്റെ കാലത്ത് വ്യക്തി സങ്കല്പത്തിനും മറിച്ച് ഗ്രാമസങ്കല്പത്തിനും പ്രാദേശിക സങ്കല്പത്തിനും, കുടുംബ ബന്ധത്തിനുമൊക്കെയാണ് പ്രാധാന്യം. അത്തരത്തിലുള്ള ഒരാവശ്യത്തിന്റെ പ്രതിഫലനമാണ് കേരളീയത. ഇതിന് കാരണം ആൾകൂട്ടത്തിനിടയിൽ നമ്മൾ നിസ്സഹായരായിത്തീരുന്നു എന്നതാണ്. അത്തരത്തിലുള്ള നിസ്സഹായത മനുഷ്യന്റെ പിൻമാറ്റത്തിലേക്കുള്ള പിൻമാറ്റമാണ് സൂചിപ്പിക്കുന്നത്. ഈ തിരിച്ചുപോക്കെന്ന നിലയിലാണോ ജാതീയ പ്രസ്ഥാനങ്ങൾ ഉടലെടുത്തു വന്നിരിക്കുന്നത്. ഇത്തരത്തിലുള്ള ചെറിയ ഗ്രൂപ്പുകൾ നിസ്സഹായതാബോധം വളർത്താൻ മാത്രം കാരണമാകുന്നു.

ഇന്ന് പ്രാദേശിക ചരിത്രമാണ് എഴുതപ്പെടുന്നത് ഫറോക്കിന്റെ ചരിത്രം കേൾക്കാനായിരിക്കും നിങ്ങൾക്ക് താത്പര്യം. ലോകചരിത്രം എഴുതാൻ കഴിയുന്ന ആരും തന്നെയിന്നില്ല. ഇന്ന് എല്ലാറ്റിനും പ്രത്യയശാസ്ത്രമുണ്ട്. കേരളത്തിന് അതിന്റേതായ പ്രത്യയ ശാസ്ത്രമുണ്ട്. ആർക്കും അതിൽ നിന്ന് പുറത്തുകടക്കാൻ കഴിയില്ല. പ്രത്യയശാസ്ത്രത്തിലല്ല ഒരാൾ ജീവിക്കുന്നതെന്നു പറഞ്ഞാൽ അത് അയാളുടെ വിവരക്കേടാണ്. ഏതൊരാൾക്കും അയാളുടെതായ കാഴ്ചപ്പാടുണ്ടാകും. ഇല്ലെങ്കിൽ മറ്റാരുടെയങ്കിലും സ്വാധീനശക്തി അയാളിലുണ്ടാകും. എന്തായിരുന്നാലും കലയും പ്രത്യയശാസ്ത്രവും പരസ്പര ബന്ധിതമാണ്.



**ദീപ**

ഈ സംവാദത്തിൽ പങ്കെടുക്കുന്നവരെല്ലാം കേരളത്തെക്കുറിച്ചും കേരളീയതയെക്കുറിച്ചും കേരളത്തിന്റെ പ്രശ്നങ്ങളെ കുറിച്ചും വളരെ ഗഹനമായി ചിന്തിച്ച് സംസാരിക്കുന്നവരാണ്. എനിക്കിങ്ങനെ പറയാൻ കഴിയുമെന്ന് തോന്നുന്നില്ല.

എല്ലാവരും പറയുന്നതു പോലെ തന്നെ കേരളം സാംസ്കാരികമായി വളരെയധികം അധഃപതിപ്പിച്ചിരി

ക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല. പഴയ ഗവൺമെന്റുകളെക്കുറിച്ച് കൂടുതലൊന്നുമറിയില്ലെങ്കിലും പുതിയ ഗവൺമെന്റുകൾ അഴിമതി നിറഞ്ഞവയാണെന്ന് മനസിലാക്കാൻ പ്രയാസമില്ല. ദേശസ്നേഹമില്ലാത്തതാണ് ഇതിനു കാരണമെന്ന് തോന്നുന്നു.

ഇത് വിദ്യാഭ്യാസത്തിന്റെ പ്രശ്നമാണ്. ഒരു ദേശത്തിന്റെ പുരോഗതിയിലും ഉന്നമനത്തിലും ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം വഹിക്കുന്നതായതുകൊണ്ട് വിദ്യാഭ്യാസരംഗം എന്നും ചർച്ച ചെയ്യപ്പെടാറുണ്ട്. എന്നാൽ ഇത്രയും കാലം ചർച്ച ചെയ്തിട്ടും ഈ രംഗത്ത് കാര്യമായ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. പ്രൈമറിവിദ്യാഭ്യാസ രംഗത്തുതന്നെ ഒട്ടേറെ മാറ്റങ്ങൾ നിലവിൽ വരേണ്ടതാണ്. DPEP കേരളത്തിലെ ഒരു പുത്തൻ പരിഷ്കാര പദ്ധതിയാണ്. എന്നാൽ ഈ പദ്ധതി വിശദമായൊരു ചർച്ചയ്ക്ക് വിധേയമായിട്ടില്ലെന്ന് തോന്നുന്നു. ഇങ്ങനെ പാഠ്യപദ്ധതി മാറ്റുമ്പോൾ നിലവിലുള്ള രീതിയിലെ നല്ലഗുണങ്ങൾ സ്വീകരിക്കുകയും കോട്ടങ്ങൾ തുടച്ചു മാറ്റുകയുമാണ് വേണ്ടത്. നിലവിലുള്ള സിലബസ്സിൽ കളി രീതിയ്ക്കു കൂടുതൽ പ്രാമുഖ്യം നൽകുക എന്നല്ലാതെ സിലബസ് പകുതിയിലധികം വെട്ടിക്കളഞ്ഞ് കളിരീതി മാത്രം അവലംബിച്ചുള്ള പരിഷ്ക്കാരം ഗുണത്തേക്കാളേറെ ദോഷമാണ് വരുത്തുന്നത്.

സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷമുള്ള വിദ്യാഭ്യാസത്തിന്റെ സ്ഥിതിയിലും മാറ്റമില്ല. തൊഴിലിന് പ്രാധാന്യം നൽകുന്ന ഒരു വിദ്യാഭ്യാസരീതി ഇന്നില്ല. ക്യാംപസിൽ സൃഷ്ടിപരത നഷ്ടപ്പെടുന്നു അഥവാ Creativity കുറയുന്നു.

മനുഷ്യബന്ധങ്ങൾക്ക് അതീവ പ്രാധാന്യം നൽകുന്ന സംസ്കാരമാണ് കേരളത്തിന്റേത്. എന്നാൽ ഇന്നാബന്ധങ്ങളുടെ കെട്ടുപാടുകൾ അയഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി കേരളത്തിനു പാശ്ചാത്യസംസ്കാരത്തിന്റെ ഭാഗമായ Counciling centre കളെ ആശ്രയിക്കേണ്ടതായി വരുന്നു. കേരളീയന്റെ മനസിൽ സ്വാർത്ഥതാല്പര്യങ്ങൾ കയറികൂടിയിരിക്കുന്നു. സമൂഹത്തിൽ അക്രമവും അരാജകത്വവും നടമാടാൻ ഒരു പരിധിവരെ ഇതാണ് കാരണം.

മലയാളി, ഇന്നൊരു ഉപഭോക്താവാണ്. എന്നല്ല, മറിച്ച് അപകടകരമായ ഒരവസ്ഥയിൽ എത്തിനിൽക്കുന്ന ഉപഭോക്തൃസംസ്കാരത്തിന് അടിമയാണെന്ന് പറയുന്നതാവും ശരി. സമൂഹത്തിൽ തനിക്കുള്ള ഉന്നതസ്ഥാനം നഷ്ടപ്പെടാതിരിക്കാനാണ് മലയാളി ഇതൊക്കെ കാട്ടിക്കൂട്ടുന്നത്. പക്ഷെ ഇതൊരു തെറ്റായ ധാരണയാണെന്ന് ജനങ്ങൾ മനസിലാക്കുന്നില്ല.


നേരത്തെ പറഞ്ഞതുപോലെ ഇതിന്റെയൊക്കെ അടിസ്ഥാനപരമായ പ്രശ്നം വിദ്യാഭ്യാസം തന്നെയാണ്. ദേശസ്നേഹം വളർത്താൻ ഉതകുന്ന യാതൊന്നും തന്നെ ഇന്ന് പഠനവിഷയമായിട്ടില്ല. ദേശസ്നേഹം ഒഴിച്ചുകൂടാനാകാത്ത ഒരു കാര്യമാണെന്ന് സാംസ്കാരികനായകൻമാർ എന്താണ് മനസിലാകാത്തത്? മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഗവൺമെന്റാണ് ഇതിനുത്തരവാദികൾ. ജനങ്ങളിൽ ദേശസ്നേഹം വളർത്തേണ്ടവരും ഗവൺമെന്റ് തന്നെ. ഇങ്ങനെ സംഭവിച്ചാൽ കേരളം നന്നാകുമെന്ന കാര്യത്തിൽ സംശയമില്ല. കേരളസംസ്കാരത്തിന്റെ മൂല്യത്തെ തിരിച്ചുകൊണ്ടുവരാൻ പുതിയതലമുറയ്ക്കു സാധിക്കുമെന്നാണ് എന്റെ വിശ്വാസം.



# പത്ര പ്രവർത്തന രംഗത്തെ സ്ത്രീ

*പത്രപ്രവർത്തന രംഗത്തേക്ക് സ്ത്രീകൾ കടന്നുവരാൻ വിമുഖത കാണിക്കുന്നു എന്ന് പറയുന്നത് സത്യവിരുദ്ധമായിരിക്കും. അവർക്കു വേണ്ടത്ര അവസരം നൽകാൻ ഈ രംഗത്തിന് കഴിയുന്നുണ്ടോ? പതിവിനനുസൃതമായി വനിതകൾക്ക് ഈ രംഗവും അന്യമാവുകയാണോ? വനിത പ്രസ്ഥാനങ്ങളുടെയും മറ്റു സാമൂഹ്യ സംഘടനങ്ങളുടെയും മുറവിളികൾ നിരർത്ഥകമായ രോദനങ്ങളായി മാറുന്ന ഈ കാലഘട്ടത്തിൽ ഈ വിഷയത്തെക്കുറിച്ച് ഒരു ചർച്ചയ്ക്ക് പ്രസക്തിയേറുമെന്ന് വിചാരിക്കുന്നു.*

*In today's world mass media play a pivotal role and its importance cannot be overemphasised. Ideally media is a mirror of society. But when it comes to the depiction of women in the media several thought provoking questions. Come to out minds. Do women get their rightful share of importance in the media? In what light do media portray them? Do they treat them as equal partners in the progress and development of our country or are they shown as sex abjects to titillate the viewers, are media Jobs closed to women? Why are women shying away from this profession in looking into the small number of women india who have made their mark in this profession. We talked to a cross section of people from the media world to elicit their views on there issues.*



## ഓ.ആർ. രാമചന്ദ്രൻ – മാതൃഭൂമി

മാതൃഭൂമിയിലെ സബ് എഡിറ്ററായ ഓ.ആർ. രാമചന്ദ്രൻ മാതൃഭാഷയിൽ സംസാരിക്കാനാണ് താത്പര്യം പ്രകടിപ്പിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്ന് കേരളത്തിൽ മാധ്യമങ്ങളുടെ ഒരു നീണ്ടനിരതന്നെയുണ്ട്. അതുകൊണ്ടുതന്നെ സ്ത്രീയെ പലവിധത്തിൽ ചിത്രീകരിക്കുന്നതായി കാണാം. ദുഷ്ലാക്കോടെ സ്ത്രീകളെ മോശമായി മാത്രം ചിത്രീകരിക്കുന്ന പ്രസിദ്ധീകരണങ്ങളോ ചലച്ചിത്രങ്ങളോ ഉണ്ടായിരിക്കാം. എങ്കിലും സാമാനേന മാധ്യമങ്ങളാണ് ഇന്നും സ്ത്രീയുടെ രക്ഷയ്ക്കെത്തുന്നതും അവരെ ഉയർത്തിക്കാട്ടുന്നതും.

'മാതൃഭൂമി' എന്നും സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി നിലകൊണ്ടിട്ടുണ്ട്. മാതൃഭൂമിയുടെ കോഴിക്കോട് എഡിഷനിൽ അഞ്ച് വനിതാ ജേണലിസ്റ്റുകളാണ് ഉള്ളത് എന്നദ്ദേഹം ചൂണ്ടിക്കാട്ടി. വാരാന്തപ്പതിപ്പ് ഗൃഹലക്ഷ്മി, വിദ്യാരംഗം മാസികയും പോലുള്ള 'മാതൃഭൂമിയുടെ 'പ്രസ്റ്റീജ്' പ്രസിദ്ധീകരണങ്ങളെല്ലാം വനിതാ ജേർണലിസ്റ്റുകളാണ് കൈകാര്യം ചെയ്യുന്നത്.

സ്ത്രീകളുടെ പ്രശ്നങ്ങൾ ജനശ്രദ്ധയിലെത്തിക്കുന്നതിൽ ദിനപത്രങ്ങളെക്കാൾ മറ്റു പ്രസിദ്ധീകരണങ്ങൾ കൂടുതൽ പങ്കുവഹിക്കുന്നു. പത്രപ്രവർത്തനരംഗത്തേക്കു കൂടുതൽ സ്ത്രീകൾ കടന്നുവരേണ്ടിയിരിക്കുന്നു എന്ന അഭിപ്രായക്കാരനാണ് ഓ.ആർ. അവർക്കേ സ്ത്രീ വിഷയങ്ങൾ ആധികാരികതയോടെ കൈകാര്യം ചെയ്യാൻ കഴിയൂ എന്ന അഭിപ്രായവും അദ്ദേഹത്തിനുണ്ട്.

പത്രപ്രവർത്തനരംഗത്ത് സ്ത്രീ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ പ്രശ്നമായി അദ്ദേഹം കാണുന്നത് മാനസികമായ പ്രതിബന്ധങ്ങളാണ്. ഓരോ വ്യക്തികൾക്കുമുള്ള ത്യാഗസന്നദ്ധതയും അധ്വാനശീലവുമാണ് മികവിന് നിദാനം. മറ്റു തൊഴിലുകളിലില്ലാത്ത പ്രത്യേക വിവേചനമോ ഭീഷണികളോ സ്ത്രീകൾക്ക് ഈ രംഗത്തിൽ ഉണ്ടെന്ന് അദ്ദേഹം കരുതുന്നില്ല. കടുത്ത മത്സരത്തിന്റെയും അതിജീവനത്തിന്റെയും വേലയാണിത്. മികവുതെളിയിക്കാമെന്ന ആത്മവിശ്വാസം മാത്രമാണ് മൂലധനമായി വേണ്ടത്. തന്നിലുറങ്ങിക്കിടക്കുന്ന ജേർണലിസ്റ്റിനെ തട്ടിയുണർത്തി മറ്റുള്ളവരുമായി മത്സരിച്ച് സ്വയം വളർത്തിയെടുക്കുകയാണ് വേണ്ടത്. ഇവിടെ പുരുഷനും സ്ത്രീയ്ക്കും ഒരു വിവേചനവുമില്ല. അവസരങ്ങൾ നേടിയെടുക്കുക മികവുതെളിയിക്കുക എന്നാമ് സ്ത്രീയായാലും പുരുഷനായാലും ജേർണലിസ്റ്റിനു ചെയ്യാനുള്ളത്. ഇക്കാര്യത്തിൽ സ്ത്രീകൾ വിജയിച്ചുവരുന്നുണ്ടെന്ന് അദ്ദേഹം കരുതുന്നു. നേരത്തെ പറഞ്ഞ പ്രകാരം മാതൃഭൂമിയിൽ വളരെ ഉത്തരവാദിത്വമുള്ള ചുമതലകളിലാണ് വനിതാ ജേർണലിസ്റ്റുകൾ ജോലിചെയ്യുന്നത്. ഈ രംഗത്ത് പുതിയ സ്ത്രീകൾ ഉയർന്നുവരുന്നതിന് മാതൃഭൂമി സർവ്വവിധ പ്രോത്സാഹനങ്ങളും നൽകും എന്ന കാര്യത്തിൽ അദ്ദേഹത്തിന് സംശയമേയില്ല.

## സി.എം. അബ്ദുറഹ്മാൻ ദേശാഭിമാനി.

പാശ്ചാത്യ ഫെമിനിസ്റ്റുകൾ ഉയർത്തുന്ന പ്രശ്നങ്ങളാണ് യഥാർത്ഥത്തിൽ സ്ത്രീകൾ നേരിടുന്നതെന്ന് ദേശാഭിമാനിയിലെ ന്യൂസ് എഡിറ്ററായ സി.എം. കരുതുന്നില്ല. അവരുടെ പിന്നോക്കാവസ്ഥയുടെ മൗലികമായ കാരണം സാമ്പത്തിക അസമത്വത്തിലാണ്. തുല്യജോലിയ്ക്ക് തുല്യവേതനം, സാക്ഷരരാകാനുള്ള അവകാശം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള അവരുടെ പോരാട്ടങ്ങളെ ദേശാഭിമാനി വളരെ പ്രധാനമായി പരിഗണിക്കുന്നുണ്ട്. ഈ അടിസ്ഥാന ആവശ്യങ്ങൾ ഉന്നയിക്കുന്ന വനിതാസംഘടനകൾക്ക് ദേശാഭിമാനിയോട് പരിഭവമുണ്ടാക്കാൻ ഇടയില്ല. സ്ത്രീപ്രശ്നങ്ങൾ ഏറ്റവും നന്നായി അറിയാനും അവരോട് ഫലപ്രദമായി സംസാരിക്കാനും കഴിവുള്ളവരെന്നതുകൊണ്ടു മാത്രമല്ല. സമൂഹത്തിൽ പുരുഷനോടൊപ്പം അവകാശമുള്ള വ്യക്തികളെന്ന നിലയ്ക്കും മറ്റു പ്രൊഫഷണിലുമെന്ന പോലെ പത്രപ്രവർത്തനരംഗത്തും വനിതകളുടെ പ്രവേശത്തിൽ എതിർത്തു നിൽക്കാൻ ആർക്കുമാവില്ല. എന്നാൽ പത്രത്തിനകത്തെ ജോലിയാൽ പ്രായോഗികബുദ്ധിമുട്ടുകൾ അവർക്കുണ്ടാവാം. പ്രത്യേകിച്ചും രാത്രിയിൽ ജോലിഭാരമേറുന്ന എഡിറ്റിംഗ് ഡെസ്കിൽ.

വൻ നഗരങ്ങളിലെപോലെ റിപ്പോർട്ടിങ്ങിൽ പെൺകുട്ടികൾ കൂടുതൽ താല്പര്യം കാട്ടേണ്ടതുണ്ട്. അതിനിപ്പറഞ്ഞ പ്രായോഗിക വിഷമതകൾ ചുരുക്കവുമാണ്. തൊഴിലിൽ മികവു കാട്ടുന്ന വനിതകൾ ദേശാഭിമാനിയിൽ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നുണ്ട്. ഇപ്പോൾ ജോലി ചെയ്യുന്ന എട്ടു പേരിൽ ചീഫ്സബ് എഡിറ്റർ, സീനിയർ സബ് എഡിറ്റർ എന്നീ എക്സിക്യൂട്ടീവ് സ്ഥാനങ്ങൾ വഹിക്കുന്ന വനിതകളുണ്ട്. രണ്ടുപേർ റിപ്പോർട്ടർ മാത്രമാണ്. മലയാളത്തിൽ ഏറ്റവുമധികം വനിതാപത്ര പ്രവർത്തകരുള്ള പത്രവും ഒരുപക്ഷേ 'ദേശാഭിമാനി'യാണ്. ഈ രംഗത്തേയ്ക്ക് കടന്നുവരുന്ന സ്ത്രീകളെ പോത്സാഹിപ്പിക്കാനും ദേശാഭിമാനി തയ്യാറാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## Suchata Nair:-

Lecturer of Journalism at Calicut University opines that while quantum of coverage given to women in the media is adequate, they are usually portrayed in stereotyped roles of house wife, mother etc. these depict the mes of women as victims loy or young women waiting to be married. In her opinion the infln of more women jour-

nalists could help to highlight the real social issues confronting society. While women face many hurdles in this profession such an family and society presseres the most important on truthe psychological aspect in at times women losts soft confidence in her own ability. Sucheta asserts that women are discriminated against in the Journalistic field and often plum assignments go to the way of there male counterparts.

## P.S. Nirmala - Mathru bhoomi

Chief sub editor, Grihalakshrnis asserts that media does not make any distortion in the portrayal of women. Media reffects our society as it exists. Since women do not have an upperhand in our society obviously they do not have a upperhand in the media either She favours more women entering this field as they can contribute towards improving the newspapers. Nirmala opines that women themselves are to blame for the small number of women journalists. Women are reuctant to break the ridiculous rules and set by society which restrains their freedom aften women are not willing to work at odd hours in the company of male strangers as in a press conference More over after studies women think in forms of an family and do not try to develop a carrier. She feels that women should be bold to tight for what is right. Basically women Should think 'that they are human beings First of all instead of allowing males to stamp them only an females, She agrees that women are sometimes discriminated against fath that male colleges. She attributes this to the lack of faith men have in women's abilities and to the male ego. She opines that while good work in always encouraged and appreciated women journalists still have to prove their mettle to get major assignments.

## Aboobacker: Malayala Manorama

Resident Editor of malayala Manorama is of the view that Manorama has always stood for the adeqate portrayal of women. There was enclusive page for women in the daily before and it ended up is the a fort nighlty for women in 1975. He claims that 'Vanitha' is the largest circulated magazine of the country for women. Aboobacker feels that women are covered in newspapers when they are victimised where as their achievements are not high lighted. But since the lost there years things have taken a turn for the better. He favoures the entry of more women into this field as they could focus attention on the problem faced by women He believes that the major problem for women in this profession is 'Any time duty' and hight shites. Sometimes reporting assignments may tak women to lonely spots at odd could counter these hurdles by opting to work as feature writers, feature editors. He maintaias that in Manorama there is no discrimination against women journalists as such but difficult and odd time assignments generally. land up in geralist as much but there may lithiculties at odd the male sector

## Naveen Verghese: Indian Express

Sub editor Indian express is of the view that women's issues have been given adequate coverage in the media. He is for more and morle women enteriay this profession as they could contribute their mite to exhancing coverage of women related issues in the media. At the same time, he points out that women lack many challenges in this profession such an odd hourés physical violenu in the while covering piots, war etc. These could entent by certain less risky topics women. He hinds no discrimination against women the matterst if or for oppertunities in the media world.

## Harish, Kerala Kaummudi

Kerala Kaummudi is all for more Women entering this profession. He is of the opinion that "Journalisam is an ideal profession for women as she bears many basic qualities required by a journalist especally the touch of a woman ie the flair of more for news so she can score cent per cent" while he agrees that the number of women in this field is negligible, the attributes in to their lack of interest. He feels that there are many hurdles in this profession as personal life be comes unimportant and goes out of gear. While women may face difficulties in accomadating this lifestyle, since it is a part and parcel of the profession they can be ne remedy as such.

Harish says "women in Kerala have been in the for front in the fields of education, empcoymant etc. Media has palyed a lanable role in this regard" Media has given widf coverage to the problems of women and it has also played a vital role in implifing the dountrodden and backward women. He is of the opinion that his paper Kerala Kumudi has palyed a positive role in this regard. He gives a recent incident to get the point across. A group of ladies in Palkkad were taken into custody by the police branding them as prositutes. They were publicly harassed and questioned Kerala Kaumudi Considered this a human rights problem and reported it conspiciously this rattled the dept and actions were imitiated by the Govt. Thus in a Case Where womens organisations of pol parties do not come forward, the press can play a vital role to protect the rights of women. Congress MLA shobhana George, and to Kasargod Panchayath President Fathima who are undergoing harasment from their own party all given strength by the media as media expose such stories.

Harish believes that while the number of women Journalists are few, the doors of newspapers are not closed for women. No institution discarda talented girl in the profession just be causee she is women. ●